**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4325** **28-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിയ്ക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടുന്നത്; ജലവൈദ്യുത നിലയങ്ങൾ എവിടെയൊക്കെ നിർമ്മിക്കാനാണ് ഉദ്ദേശിയ്ക്കുന്നത്; വിശദമാക്കാമോ? | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കീഴിൽ പുതുതായി ആവിഷ്കരിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ ടെൻഡർ നടപടികൾ പുരോഗമിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയും, ഭരണാനുമതി ലഭിച്ചതും സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്ന തുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു. കൂടാതെ, 780 മെഗാവാട്ടിന്റെ ഇടുക്കി രണ്ടാംഘട്ട ജലവൈദ്യുത നിലയത്തിന്റെയും, പതിനാറോളം ചെറുകിട ജലവൈദ്യുത പദ്ധ തികളുടെയും പര്യവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2012 - സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേ ഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടി യുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. കൂടാതെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിക്കുവാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

## ടെണ്ടർ നടപടികൾ പുരോഗമിക്കുന്ന പദ്ധതികൾ

| | | | |
|---|---|---|---|
| 1) | മാരിപ്പുഴ – 6 MW | (14.8 MU) | കോഴിക്കോട് ജില്ല |
| 2) | ഒലിക്കൽ - 5 MW | (10.26 MW) | കോഴിക്കോട് ജില്ല |
| 3) | പൂവാരംതോട് – 3 MW | ( 5.88 MU) | കോഴിക്കോട് ജില്ല |
| 4) | ആനക്കയം – 7.5 MW | (22.83 MU) | തൃശ്ശൂർ ജില്ല |
| 5) | മാങ്കുളം – 40 MW | (82 MU) | ഇടുക്കി ജില്ല |
| ആകെ | 61.5MW | 135.77 MU | |

**<u>അനുബന്ധം - 2</u>**

**<u>ഭരണാനുമതി ലഭിച്ചതും, സ്ഥലമെട്ടപ്പ് നടപടികൾ പുരോഗമിക്കുന്നതുമായ പദ്ധതികൾ</u>**

| | | | |
|---|---|---|---|
| I. | വാളംതോട് – 7.5 MW | 15.29 MU | മലപ്പുറം ജില്ല |
| II. | ചെമ്പുക്കടവ് – 7.5 MW | 17.72 MU | കോഴിക്കോട് ജില്ല |
| III. | ചാത്തൻകോട്ടുനട-II – 5 MW | 12.06 MU | കോഴിക്കോട് ജില്ല |
| IV. | പശുക്കടവ്- 4 MW | 10.34 MU | കോഴിക്കോട് ജില്ല |
| V. | അപ്പർ ചെങ്കുളം- 24 MW | 53.22 MU | ഇടുക്കി ജില്ല |
| VI. | ലാഡ്രം- 3.5 MW | 12.13 MU | ഇടുക്കി ജില്ല |
| VII. | മാർമല – 7 MW | 23.02 MU | കോട്ടയം ജില്ല |
| VIII. | പീച്ചാട് – 3 MW | 7.7 MU | ഇടുക്കി ജില്ല |
| IX. | വെസ്റ്റേൺ കല്ലാർ- 5 MW | 17.41 MU | ഇടുക്കി ജില്ല |
| X. | ദേവിയാർ - 24 MW | 25.94 MU | ഇടുക്കി ജില്ല |
| XI. | കീരിത്തോട് – 12 MW | 27.65 MU | ഇടുക്കി ജില്ല |
| | 102.5 MW | 222.48 MU | |

**അനുബന്ധം - 3**

| നം | പദ്ധതി | വൈദ്യുത ഉത്പാദന ശേഷി (MW) |
|---|---|---|
| 1. | അറ്റ് ലെ I | 6 |
| 2. | അറ്റ് ലെ II | 6 |
| 3. | ഫർളോങ്ങര | 0.35 |
| 4. | കനകപ്പുഴ | 0.75 |
| 5. | കാഞ്ഞിരപ്പുഴ | 1 |
| 6. | കിളികല്ല് | 3 |
| 7. | കുളിരാമുട്ടി | 3 |
| 8. | ഓനിപ്പുഴ | 1.5 |
| 9. | പെരുവ | 2 |
| 10. | ഉരുട്ടിപ്പുഴ | 1 |
| 11. | വളന്തോട് സ്റ്റേജ് II | 3 |